# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി. 14/ 1493/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 14/12/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തലനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി. 14/ 1493/21 തീയ്യതി: 14/12/2021

## കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 02-11-2021 | 17-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-11-2021 | 17-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സജി പി ആർ, ഓഡിറ്റ് ഓഫീസർ
ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജോഷി തോമസ്, ഓഡിറ്റർ

കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രജനി സുധാകരൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. സജിത്ത് മാത്യൂസ് | സെക്രട്ടറി | 01-04-2020 | 17-07-2020 |
| ശ്രീ.സജി പി റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-07-2020 | 29-07-2020 |
| ശ്രീ. ഷാജി കെ റ്റി | സെക്രട്ടറി | 30-07-2020 | 02-02-2021 |
| ശ്രീ.സിയാദ് സി ഐ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-02-2021 | 04-03-2021 |
| ശ്രീ. ജോയ് മാത്യു | സെക്രട്ടറി | 05-03-2021 | 31-03-2021 |
| ശ്രീ. പി എസ് ബാബു | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രുതി ജയിംസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 30-07-2020 |
| ശ്രീ.ഉണ്ണിക്കൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2020 | 28-09-2020 |
| ശ്രീ.ജ്യോതിരാജ് ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 29-09-2020 | 31-03-2021 |
| ശ്രീ. പരിദുദ്ദീൻ വി എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ശ്രീജ എം എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. സുധീഷ് കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ. വിന്നിമോൾ ജോസ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. ഐസക് ജോർജ് പി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി. പുഷ്കല | ഐ സി ഡി എസ് | 01-04-2020 | 02-11-2020 |

| | | | |
|---|---|---|---|
| പി എൻ | സൂപ്പർവൈസർ | | |
| ശ്രീമതി. ഓമന എം ഡി | ഐ സി ഡി എസ് സൂപ്പർവൈസർ | 03-11-2020 | 21-12-2020 |
| ശ്രീമതി. മിനി ജോസഫ് | ഐ സി ഡി എസ് സൂപ്പർവൈസർ | 22-12-2020 | 31-03-2021 |
| ശ്രീ. ആകാശ് ടോം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. അനു കുമാരൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Joshy Thomas (Auditor, On 12-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Krishnapriya.S (Auditor, On 11-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Krishnapriya.S (Auditor, On 06-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Saji P R (Audit Officer, On 14-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shanti George (Asst. Audit Officer, On 15-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: Saji P R (Audit Officer, On 16-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Joshy Thomas (Auditor, On 14-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnapriya.S (Auditor, On 05-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Saji P R (Audit Officer, On 18-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 06-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-10 |
| 11 | പഠനമുറിയുടെ വിസ്തീർണ്ണം സഞ്ചയയിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Joshy Thomas (Auditor, On 15-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 1-11 |
| 12 | വസ്തുനികുതി കണക്കാക്കൽ - ഒറ്റത്തവണകെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Krishnapriya.S (Auditor, On 15-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-12 |
| 13 | സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 15-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-13 |
| 14 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Krishnapriya.S (Auditor, On 15-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-14 |
| 15 | റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 15-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-15 |
| 16 | ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട ചില സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Krishnapriya.S (Auditor, On 15-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-16 |

| | | |
|---|---|---|
| 17 | റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 15-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-17 |
| 18 | ദുരന്തനിവാരണ സന്നദ്ധസേവകർക്ക് പരിശീലം- പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ<br>Written By: Saji P R (Audit Officer, On 18-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-18 |
| 19 | സ്മാർട്ട് ക്ലാസ് റൂം-മാർഗരേഖയിലില്ലാത്ത ഉപകരണങ്ങൾ വാങ്ങി<br>Written By: Joshy Thomas (Auditor, On 15-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 1-19 |
| 20 | അങ്കണവാടി സ്മാർട്ട് ക്ലാസ് റൂം-കാര്യക്ഷമമായി ഉപയോഗിക്കേണ്ടതാണ്.<br>Written By: Joshy Thomas (Auditor, On 15-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-20 |
| 21 | അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച<br>Written By: Shanti George (Asst. Audit Officer, On 15-11-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 14-12-2021) | 1-21 |
| 22 | എൻ.ആർ.എച്ച്.എം ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല.<br>Written By: Saji P R (Audit Officer, On 18-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-22 |
| 23 | തെരുവ് നായ ജനന നിയന്ത്രണപരിപാടി- വിനിയോഗവിവരം ലഭിച്ചിട്ടില്ല<br>Written By: Saji P R (Audit Officer, On 18-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-23 |
| 24 | ഹരിത കർമ്മസേനയുടെ പ്രവർത്തനം-യൂസർഫീ കളക്ഷൻ കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതാണ്<br>Written By: Joshy Thomas (Auditor, On 15-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-24 |
| 25 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: Joshy Thomas (Auditor, On 15-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 1-25 |
| 26 | ലൈഫ് ഭവനപദ്ധതി- അവലോകനം<br>Written By: Joshy Thomas (Auditor, On 15-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 1-26 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Krishnapriya.S (Auditor, On 05-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Krishnapriya.S (Auditor, On 06-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 10-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Krishnapriya.S (Auditor, On 02-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Krishnapriya.S (Auditor, On 05-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Krishnapriya.S (Auditor, On 02-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Krishnapriya.S (Auditor, On 02-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Krishnapriya.S (Auditor, On 02-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 02-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Krishnapriya.S (Auditor, On 02-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Krishnapriya.S (Auditor, On 05-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 14-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2020-2021 വർഷത്തെ പരിഷ്കരിച്ച ബജറ്റ് 25.03.2021 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും യഥാർഥ വരവ് -ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 468840 | 1522335.5 |
| വരവ് | 72509820 | 39395313 |
| ആകെ | 72978660 | 40917648.5 |
| ചെലവ് | 72541611 | 37308975 |
| നീക്കിയിരിപ്പ് | 437049 | 3608673.5 |

ബജറ്റ് പ്രകാരം 7.25 കോടി രൂപയുടെ പ്രതീക്ഷിത വരവും 7.25 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 6.34 കോടി രൂപയും ചെലവ് 7.28 കോടി രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 11.05.2021-ലെ XXX(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2020-21 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 1522335.50 രൂപയും തൻവർഷ വരവ് 39395313.00 രൂപയും തൻവർഷചെലവ് 37308975.00 രൂപയും വർഷാവസാന നീക്കിയിരിപ്പ് 3608673.50 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 63387668.00 രൂപയും ആകെ ചെലവ് 72790366.00 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011ലെ ജി.ഒ.(എം.എസ്.)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരം കണക്കാക്കിയ 31.03.20ലെ ജനറൽ ഫണ്ടിന്റെ കൃത്യത ഉറപ്പിക്കാനാവുന്നില്ല.

3. തൻവർഷം വരവിനങ്ങളിൽ കുടിശിക ആയിട്ടുള്ള തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4. വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ RP-3 ഷെഡ്യൂളിലെ 130300101-Rent From Auditoriums And Halls എന്ന ഹെഡിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1522335.50 |
| ഓഡിറ്റ് വർഷത്തെ വരവ് | 39395313.00 |
| ആകെ | 40917648.50 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 37308975.00 |
| | |

| | |
|---|---|
| നീക്കിയിരിപ്പ് | 3608673.50 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 601314 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6737000 | 6737000 | 6359359 | 377641 | 94.39 |
| വികസനഫണ്ട് എസ്.സി.പി. | 0 | 890375 | 890375 | 754923 | 135452 | 84.78 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3094879 | 3094879 | 2258627 | 836252 | 72.97 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4766000 | 4766000 | 4752826 | 13174 | 99.72 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3456681 | 3456681 | 3438856 | 17825 | 99.48 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 4069370 | 4069370 | 3265969 | 803401 | 80.25 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 2070000 | 2070000 | 1351547 | 718453 | 65.29 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 1666 | 18790395 | 18792061 | 18770166 | 21895 | 99.88 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 227376 | 288713 | 516089 | 400000 | 116089 | 77.5 |
| ശുചിത്വമിഷൻ ഗ്രാന്റ് | 892488 | 1416840 | 2309328 | 1076938 | 1232390 | 46.63 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 935565 രൂപ, 87843 രൂപ, 14627 രൂപ വീതം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 202/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 453765 | വികസനഫണ്ട് പൊതുവിഭാഗം |
| 203/21 | 481800 | വികസനഫണ്ട് |

| | | |
|---|---|---|
| അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | | പൊതുവിഭാഗം |
| ആകെ | 935565 | |
| 301/21 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 87843 | വികസനഫണ്ട് എസ്.സി.പി. |
| 302/21 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( റ്റി.എസ്.പി.) | 14627 | വികസനഫണ്ട് റ്റി.എസ്.പി. |

സംരക്ഷണഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്നും 35319 രൂപ വോട്ടിംഗ് മെഷീന്റെ വിലയിനത്തിൽ ഉറവിടത്തിൽ നിന്നും കറവ് ചെയ്തിരുന്നു. പിന്നീട് അത് റദ്ദ് ചെയ്യുകയും തുക പിന്നീട് അനുവദിക്കുന്നതാണ് എന്നും ഉത്തരവായിരുന്നു. എന്നാൽ 35319 രൂപ കറച്ചാണ് തൻവർഷം ലഭിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

2020-21 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ച് തീയതിയിൽ 15.01.2020ൽ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 03.02.2020മുതൽ 10.02.2020 തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസന സെമിനാർ നടന്നത് 12.03.2020ലാണ്. ഊരുകൂട്ടം 01.02.2020 മുതൽ 11.02.20വരെയും ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 13.03.2020 ലെ 22(1)-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതിയുടെ അംഗീകാരം ലഭിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 26.02.2021 ലെ 80898/20/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 161 | 44999570 | 134 | 25570121 | 27 | 83.2% |

**വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.**

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 771050 | 9 | 622596 |
| വെറ്റിനറി സർജൻ | 5 | 786537 | 5 | 687596 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 6 | 1132981 | 6 | 764632 |
| മെഡിക്കൽ ഓഫീസർ | 3 | 239500 | 3 | 239500 |

| | | | | |
|---|---|---|---|---|
| ആയുർവ്വേദം | | | | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 1800000 | 3 | 1277092 |
| ഹെഡ് മാസ്ററർ | 2 | 336000 | 1 | 315791 |
| സെക്രട്ടറി | 24 | 6292311 | 20 | 3550352 |
| അസിസ്റ്റന്റ് എൻജിനീയർ | 89 | 16335861 | 75 | 12626211 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 450000 | 1 | 213781 |
| വി.ഇ.ഒ | 16 | 16855330 | 11 | 5272570 |
| ആകെ | 161 | 44999570 | 134 | 25570121 |

**29,02,198/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.**

2020-21 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 29,02,198/-- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6737000 | 6359359 | 377641 |
| വികസനഫണ്ട് എസ്.സി.പി. | 890375 | 754923 | 135452 |
| വികസനഫണ്ട് ടി.എസ്.പി. | 3094879 | 2258627 | 836252 |
| സംരക്ഷണഗ്രാന്റ് റോഡ് | 4766000 | 4752826 | 13174 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3456681 | 3438856 | 17825 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 4069370 | 3265969 | 803401 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 2070000 | 1351547 | 718453 |
| **ആകെ** | | | 29,02,198/- |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 29,02,198/- (ഇരുപത്തി ഒൻപത് ലക്ഷത്തി രണ്ടായിരത്തി ഒരുന്നൂറ്റിതൊണ്ണൂറ്റിഎട്ട് രൂപ) നഷ്ടമാകാനിടയായതായി കാണുന്നു. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം

35 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 409പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 393 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 266 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 45878 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 257 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 72 അയൽക്കൂട്ടങ്ങളും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 620 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, നഴ്സറി നിർമ്മാണം, പടുതാക്കുളം നിർമ്മാണം, കിണർ റീചാർജിംഗ്, തീറ്റപ്പുൽ കൃഷി എന്നീ പ്രവൃത്തികളും ആസ്തി സൃഷ്ടിക്കൽ പ്രവൃത്തികളായി ആട്ടിൻ കൂട്, തൊഴുത്ത്, കോഴിക്കൂട്, കിണർ റീചാർജ്, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2019-20 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 1666 | 1027383 | 1029049 | 1007154 | 21895 |
| ഇ.എഫ്.എം.എസ്. | 0 | 17763012 | 17763012 | 17763012 | 0 |
| ആകെ | 1666 | 18790395 | 18792061 | 18770166 | 21895 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11520 | 16 |
| കർഷകതൊഴിലാളി പെൻഷൻ | 1581900 | 88 |
| വിധവാപെൻഷൻ | 2512400 | 135 |
| വാർദ്ധക്യകാലപെൻഷൻ | 7782000 | 444 |
| വികലാംഗപെൻഷൻ | 1420400 | 79 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 277400 | 15 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.11.2021 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 214/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ രേഖപ്പെടുത്തുന്നത് സാംഖ്യാ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഡേ ബുക്ക്, കാഷ് ബുക്ക്,

ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിദിന, പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്കും സാംഖ്യാ സ്റ്റേഷനറിക്കും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.08.2021 മുതൽ 27.08.2021 വരെ | 04/2021 മുതൽ 06/2021 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.05.2018 മുതൽ 30.05.2018 വരെ | 2013-14 മുതൽ 2017-18 വരെ | എൽ ബി എ(എച്ച് ക്യൂ) 11/I/8A-49/2018-19/64 തീ. 04.07.2018 |

## 1-11 പഠനമുറിയുടെ വിസ്തീർണ്ണം സഞ്ചയയിൽ ഉൾപ്പെടുത്തുന്നില്ല

വിഇഒ നിർവ്വഹണം നടത്തിയ എസ് ടി വിദ്യാർത്ഥികൾക്ക് പഠനമുറി(പ്രൊജക്ട് നമ്പരുകൾ 89/20, 145/21 സ്പിൽ ഓവർ) പ്രൊജക്ട് പ്രകാരം താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾക്ക് പഠന മുറി നിർമിക്കുവാനായി തുക ചെലവഴിച്ചിട്ടുണ്ട്. എല്ലാവരും പഠന മുറി നിർമാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിൽ മുറിയുടെ വിസ്തീർണ്ണം കൂട്ടിച്ചേർത്തിട്ടില്ലെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര നം | പഠന മുറി ലഭിച്ച വ്യക്തികളുടെ വാർഡ്, കെട്ടിട നം., ഉടമയുടെ പേര് (സഞ്ചയ പ്രകാരം) | നിലവിലെ വിസ്തീർണ്ണം(ച.മീ.) | പഠനമുറിയുടെ വിസ്തീർണ്ണം (ച.മീ.) |
|---|---|---|---|
| 1 | 4/87, ചാക്കോ ജോൺ, മുണ്ടപ്ലാക്കൽ | 65 | 11.17 |
| 2 | 6/81, സജിനി മോഹനൻ, പാലോന്നിക്കൽ | 28 | 9 |
| 3 | 8/55, ജോർജ് ഏലിയാസ്, പൊട്ടംപ്ലാക്കൽ | 30 | 11.17 |
| 4 | 3/95, ഡേവിഡ് പൗലോസ്, | 32 | 11.17 |

| | | | |
|---|---|---|---|
| | കൊച്ചപ്ലാക്കൽ | | |
| 5 | 5/100, സജീവ് വി.എം., വരമ്പനാൽ | 37 | 10.6 |
| 6 | 7/116, പ്രീതിമോൾ പി.ആർ., അടുക്കാട്ടുപുത്തൻപുരക്കൽ | 64 | 11 |
| 7 | 6/35 എ, ബാബുരാജ് ഇ.കെ., ഇളശ്ശേരിൽ | 43.22 | 10.2 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (10/11.11.2021) പാനമുറിയുടെ വിസ്തീർണ്ണം സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പാനമുറിയുടെ വിസ്തീർണ്ണം കൂട്ടിച്ചേർത്ത് വസ്തുനികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി കണക്കാക്കൽ - ഒറ്റത്തവണകെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09/07/2015 ലെ സ ഉ (എം എസ്) നം 231/15/തസ്വഭവ പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർത്ത് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്താൽ മതിയെന്ന് നിർദ്ദേശിച്ചിരുന്നു. വസ്തുനികുതി സംബന്ധിച്ച ഫയലുകളിൽ നടത്തിയ പരിശോധനയിൽ മേൽ നിർദ്ദേശം പാലിക്കുന്നതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/12.11.2021) ഇനി മുതൽ അപേക്ഷകൾ ലഭിക്കുമ്പോൾ ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ എന്ന് മറുപടി നൽകിയിട്ടുണ്ട്. വരും കാലയളവിൽ കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ കർശനമായി പാലിക്കേണ്ടതാണ്.

## 1-13 സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം തലനാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | എസ് എൻ പബ്ലിക് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1,2 |

മേൽ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/10.11.2021) തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി 2019-20, 2020-21 വർഷം ഈടാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-15 റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ 2019-20, 2020-21 വർഷം ഈടാക്കിയിട്ടില്ല. മേൽ വിവരം 2018-19 വർഷത്തെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഇടർനടപടികൾ സ്വീകരിച്ചിട്ടില്ല. നികുതി വരുമാനം കുറവുള്ള പഞ്ചായത്തായതിനാൽ നികുതി പരിധിയിലുൾപ്പെടുത്താവുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-16 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട ചില സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു**

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസോടുകൂടി പ്രവർത്തിക്കേണ്ടതായ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങൾക്കും 2020-21 വർഷം നിയമാനുസൃത ലൈസൻസ് നൽകിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടനമ്പർ | ഉടമസ്ഥൻ | ഇനം |
|---|---|---|---|
| 1 | X/146 A | ജോർജ്കുട്ടി തോമസ് മുത്തനാട്ട് | പൗൾട്രി ഫാം |
| 2 | II/53 | കെ പി ലത്തീഫ് കരിമ്പനയ്ക്കൽ | പലചരക്ക് വ്യാപാരം |
| 3 | IV/128 | സാബു തെക്കേപ്പുളിയ്ക്കൽ | പച്ചക്കറിക്കട |
| 4 | V/112 | ലീന ജോസുകുട്ടി കണയനാട്ട് | പലചരക്ക് വ്യാപാരം |
| 5 | IV/135 | സന്തോഷ് എം ഒ മറ്റത്തിൽ | ചായക്കട |
| 6 | V/70 B | തോമസ് ജോസഫ് പൊട്ടനാനിയിൽ | റബ്ബർ വ്യാപാരം |

| | | | |
|---|---|---|---|
| 7 | IV/137 | ജെസ്സി സെബാസ്റ്റ്യൻ | പലചരക്ക് വ്യാപാരം |
| 8 | IV/138 | പി എം ദേവസ്യ പൊട്ടനാനിയിൽ | റബ്ബർ വ്യാപാരം |
| 9 | IX/131S | അജിനാസ് കാട്ടാമലയിൽ | മലഞ്ചരക്ക് വ്യാപാരം |

ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മേൽ സ്ഥാപനങ്ങൾ നിയമാനുസൃത ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/10.11.2021) ക്രമ നം.1-ന് ഫീസ് അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ക്രമ നം. 2 മുതൽ 9 വരെ സ്ഥാപനങ്ങൾ കോവിഡിന്റെ വ്യാപനത്തെത്തുടർന്ന് പ്രവർത്തിച്ചില്ല എന്നും മറുപടി ലഭ്യമായിട്ടുണ്ട്. ക്രമ നം. 1 സ്ഥാപനത്തിൽ നിന്നും ഫീസ് ഈടാക്കേണ്ടതും ക്രമ നം.2 മുതൽ 9 വരെ സ്ഥാപനങ്ങൾ പ്രവർത്തിച്ചുതുടങ്ങുന്ന മുറയ്ക്ക് ആ തീയതി മുതൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-17 റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം ലൈസൻസ് ഫീസ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. റേഷൻ കടകളെ 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം 149പ്രകാരവും കള്ളുഷാപ്പുകളെ ഇനം 139 പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ലൈസൻസ് ഫീസ് ഈടാക്കാത്തത് പഞ്ചായത്തിന്റെ വരുമാനത്തിലുള്ള കുറവിന് കാരണമാകുന്നു. ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-18 ദുരന്തനിവാരണ സന്നദ്ധസേവകർക്ക് പരിശീലം- പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

പ്രോജക്ട് നം. 63/21

അടങ്കൽ- 50000 രൂപ (വികസന ഫണ്ട് പൊതുവിഭാഗം )

ചെലവ്- 33388 രൂപ ( ബിൽ നം. 13/20-21/ 26.6.20- 24333 രൂപ + ബിൽ നം. 14/20-21/ 26.6.20- 9055 രൂപ )

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ദുരന്തനിവാരണ സന്നദ്ധസേവകർക്ക് പരിശീലം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ടെൻസിംഗ് നേച്ചർ & അഡ്വഞ്ചർ ക്ലബ്, തലനാട് എന്ന സ്ഥാപനത്തിന് 24333 രൂപയും, 24.6.2020, 25.6.2020 എന്നീ തീയതികളിൽ ഭക്ഷണം നൽകിയതിന് നമ്മ ജനകീയ ഹോട്ടൽ തലനാടിന് 9055 രൂപയും നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ടെൻസിംഗ് നേച്ചർ & അഡ്വഞ്ചർ ക്ലബ്, തലനാട് എന്ന സ്ഥാപനം ലഭ്യമാക്കിയ കത്ത് പ്രകാരം 3 പരിശീലകരുടെ ഹോണറേറിയമായി 15000 രൂപ ചെലവ് കാണിച്ചിട്ടുണ്ട്. എന്നാൽ പരിശീലകർ ആരൊക്കെ ആയിരുന്നെന്നോ അവർ ഹോണറേറിയം കൈപ്പറ്റിയതിന്റെ വിവരമോ ഫയലിൽ ചേർത്തിട്ടില്ല.

2) നമ്മ ജനകീയ ഹോട്ടലിൽ നിന്നും ലഭ്യമാക്കിയ ഭക്ഷണത്തിന്റെ ബിൽ നിന്നും 24.6.2020 ൽ 35 പേർക്കും 25.6.2020 ൽ 40 പേർക്കും ഭക്ഷണം നൽകിയതായി കാണുന്നു. എന്നാൽ പരിശീലനത്തിൽ പങ്കെടുത്തവരുടെ ഹാജർ വിവരം ഫയലിൽ ചേർത്തിട്ടില്ല.

3) പരിശീലനത്തിൽ പങ്കെടുത്തവർ പരിശീലനം തൃപ്തികരമായി പൂർത്തിയാക്കിയത് സംബന്ധിച്ച രേഖകൾ ഫയലിൽ ചേർത്തിട്ടില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പരിശീലനത്തിൽ പങ്കെടുത്തവരുടെ അപേക്ഷാഫാറങ്ങൾ ഹാജരാക്കി. എന്നാൽ പരിശീലനാർഥികളുടെ ഹാജർ, പരിശീലനം തൃപ്തികരമായി പൂർത്തിയാക്കിയതിന് തെളിവായി സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ ഹാജരാക്കിയില്ല. ടി രേഖകൾ ഹാജരാക്കുന്നത് വരെ 33388 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-19 സ്മാർട്ട് ക്ലാസ് റൂം-മാർഗരേഖയിലില്ലാത്ത ഉപകരണങ്ങൾ വാങ്ങി**

ഹെഡ് മാസ്റ്റർ 2020-21 ൽ നിർവഹണം നടത്തിയ പ്രോജക്ടായിരുന്ന തലനാട് ഗവ.എൽപി സ്കൂൾ സ്മാർട്ട് ക്ലാസ് റൂം ആക്കുന്നതിന് സാധന സാമഗ്രികൾ വാങ്ങൽ (പ്രോജക്ട് നം.136/21). ധനകാര്യകമ്മീഷൻ അവാർഡ് ഫണ്ടിൽ നിന്നും വകയിരുത്തിയ 316000 രൂപയിൽ 315791/- രൂ.(ബിൽ നം. 1/2020-21) ചെലവഴിച്ചാണ് പദ്ധതി നടപ്പാക്കിയത്. സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിനുള്ള സാമഗ്രികൾ ടെൻഡർ മുഖേന ലഭ്യമാക്കുന്നതിനാണ് പ്രോജക്ടിൽ തീരുമാനിച്ചത്. എന്നാൽ ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ള ഫയലുകളിൽ ടെൻഡർ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായില്ല. കെ.എം. ടെക്നോളജീസ്, വടവാതൂർ എന്ന സ്ഥാപനത്തിൽ നിന്നും താഴെ കൊടുത്തിട്ടുള്ള ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്.

| ക്രമ നം | ഉപകരണം | തുക(ജിഎസ് ടി ഉൾപ്പെടെ) |
|---|---|---|
| 1 | ന്യൂലൈൻ ഇന്ററാക്ടീവ് ഡിസ്പ്ലെ T.T.-65RS &<br>വാൾ മൗണ്ട് ബ്രാക്കറ്റ് മൗണ്ട് 65 Inch PW01-46T | 243269 |
| 2 | ഹൈക്കോൺ 2000 VA ഗ്രീൻ പ്ലസ് ഇൻലൈൻ യുപിഎസ് | 72522 |
| | ആകെ | 315791 |

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 27.9.2019 ലെ സ.ഉ.(സാധാ) നം.3847/2019 ഉത്തരവിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഹാർഡ് വെയർ ഉപകരണങ്ങളും സർക്കാർ ഫണ്ടോ എംഎൽഎ/ എംപി/തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ ഫണ്ടുകളോ ഉപയോഗിച്ച് വാങ്ങുന്നതിനും വിന്യസിക്കുന്നതിനും മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ ഉത്തരവിൽ ഹൈടെക് സ്കൂൾ/സ്മാർട്ട് ക്ലാസ് റൂമിന് ആവശ്യമായിട്ടുള്ളത് ലാപ് ടോപ്പ്, സീലിംഗിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷന് അനുയോജ്യമായ രീതിയിൽ പെയിന്റടിച്ച ഭിത്തി/സ്ക്രീൻ, യുഎസ്ബി സ്പീക്കർ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് എന്നിവയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗനിർദേശങ്ങളിൽ പരാമർശിക്കാത്ത ഇന്ററാക്ടീവ് വൈറ്റ് ബോർഡ്, സ്മാർട്ട് ടിവി പോലുള്ളവ അവയുടെ ഉപയോഗം കാര്യക്ഷമമല്ല എന്നു കണ്ടതിനാൽ സ്കൂളുകളിൽ വിന്യസിക്കേണ്ടതില്ലെന്നും ഉത്തരവിൽ വ്യക്തമാക്കുന്നു. നിലവിൽ സ്കൂളിലേക്ക് വാങ്ങിയിട്ടുള്ളത് ഇന്ററാക്ടീവ് വൈറ്റ് ബോർഡാണെന്നാണ് വ്യക്തമായിട്ടുള്ളത്.

ഇതു കൂടാതെ സ്കൂളിൽ ഡെസ്ക് ടോപ്പ്, 600 VA യുപിഎസ് വിന്യസിക്കേണ്ടതില്ലെന്നും പോർട്ടബിലിറ്റി, പവർബാക്കപ്പ്, വൈദ്യുതി ഉപയോഗം എന്നിവ പരിഗണിച്ച് ലാപ് ടോപ്പുകളാണ് വിന്യസിക്കേണ്ടതെന്നും ഉത്തവിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ വാങ്ങിയിട്ടുള്ളത് 2000 VA യുപിഎസാണ്.

ഉത്തരവിന്റെ അനുബന്ധമായി വാങ്ങാവുന്ന ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനുകളും വിലകളും നൽകിയിട്ടുണ്ട്. ആയത് പ്രകാരം ലാപ് ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ടർ സീലിംഗ് മൗണ്ട്, യുഎസ്ബി സ്പീക്കർ,പ്രൊജക്ടർ സ്ക്രീൻ എന്നിവയുടെ പരമാവധി വില 59577 രൂപയാണ്. മാർഗ നിർദേശങ്ങളിൽ പരാമർശിക്കാത്ത ഉപകരണങ്ങൾ വാങ്ങേണ്ടിവന്നാൽ ഉപകരണമൊന്നിന് 15000 രൂപയും മൊത്തം

പ്രൊജക്ട് തുക 50000 രൂപയിൽ കവിയാതെയും സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് വാങ്ങേണ്ടതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/06.11.2021) മറുപടി ലഭിച്ചില്ല. നേരിട്ടുള്ള സ്ഥല പരിശോധനയിൽ സ്കൂളിൽ ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. എന്നാൽ യുപിഎസും അനുബന്ധ ബാറ്ററികളും ഇൻസ്റ്റാൾ ചെയ്തിട്ടില്ല. മാർഗരേഖകൾക്ക് വിരുദ്ധമായി സ്മാർട്ട് ക്ലാസ് റൂമിനായി ചെലവഴിച്ച 315791 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 അങ്കണവാടി സ്മാർട്ട് ക്ലാസ് റൂം-കാര്യക്ഷമമായി ഉപയോഗിക്കേണ്ടതാണ്.

ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി വാർഡ് 7-വെള്ളാനി അങ്കണവാടി സ്മാർട്ട് ക്ലാസ് റൂമാക്കുന്നതിനായി 99/21 നം പ്രകാരം പ്രോജക്ട് നടപ്പാക്കിയിരുന്നു. സ്മാർട്ട് ക്ലാസ് റൂമിനായി ലാപ് ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ടർ സ്ക്രീൻ, മൈക്ക് സിസ്റ്റം എന്നിവ വാങ്ങുന്നതിനായി 94000 രൂപ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ചെലവഴിച്ചിട്ടുണ്ട്. സ്ഥല പരിശോധനയിൽ പ്രോജക്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. എന്നാൽ നിലവിലെ കോവിഡിന്റെ പശ്ചാത്തലത്തിൽ കുട്ടികളൊന്നും അങ്കണവാടികളിലേക്കെത്താത്ത സാഹചര്യമാണുള്ളത്. ആയതിനാൽ പ്രസ്തുത ഉപകരണങ്ങളൊന്നും ഉപയോഗിക്കുന്ന സാഹചര്യമില്ല. കൂടാതെ അങ്കണവാടി വർക്കറിന് ലാപ് ടോപ്പ് ഉപയോഗിക്കുന്നതിനുള്ള പരിശീലനമൊന്നും ലഭിച്ചിട്ടില്ല. കോവിഡിനു മുമ്പ് വരെ 7 കുട്ടികളാണ് വന്നിരുന്നത്. നിലവിൽ പ്രൊജക്ടർ സ്ഥാപിച്ചിട്ടുള്ള മുറിയ്ക്ക് വളരെ കറച്ച് പേരെ ഉൾക്കൊള്ളാൻ മാത്രമുള്ള സ്ഥല സൗകര്യമാണുള്ളത്. ആയതിനാൽ തന്നെ മറ്റ് മീറ്റിംഗുകൾക്കും പരിശീലനപരിപാടികൾക്കും ഉപയോഗിക്കാനുള്ള സൗകര്യമില്ലാത്ത അവസ്ഥയാണുള്ളത്. സ്മാർട്ട് ക്ലാസ് റൂമിനായി അംഗനവാടിയിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കാതെ നഷ്ടപ്പെട്ടുപോകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്. ഉപകരണങ്ങളുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പാക്കുന്നുണ്ടെന്ന് ഭരണസമിതിയുടെ തുടർനിരീക്ഷണങ്ങളുണ്ടാകണമെന്നും നിർദേശിക്കുന്നു.

## 1-21 അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ വയ്ക്കാൻ നിർദ്ദേശിച്ചിരുന്ന തീയതിക്കകം കരാർ വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം/ പദ്ധതി | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് നം | തീയതി | കരാർ വയ്ക്കേണ്ട അവസാന തീയതി | കരാർ തീയതി | പി.എ.സി | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|---|
| 134/21ചേരിപ്പാട് ഞണ്ട്കല്ല് റോഡ് കോൺക്രീറ്റിങ്ങ് | ജീസൻ ജോർജ് | 27/എ.ഇ/ തസ്വഭവ/ റ്റിഎൽഎൻഡി/19-20 | 20.12.19 | 03.01.20 | 25.01.20 | 150000 | 1500 |
| 156/20ചോവ്വൂർ അംഗൻവാടി മെയിന്റനൻസ് | സിജോകര്യൻ | 30/എ.ഇ/ തസ്വഭവ/ റ്റിഎൽഎൻഡ/20-21 | 20.12.19 | 3.01.20 | 25.1.20 | 308000/- | 3080/- |
| 133/21ചോനമല ഇല്ലിക്കൽ റോഡ് | സിജോകര്യൻ | 26/എ.ഇ/ തസ്വഭവ/ | 20.12.19 | 3.01.20 | 25.01.20 | 170000/- | 1700/- |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഭിത്തി | | റ്റിഎൽഎൻഡ/20-21 | | | | | |
| ആകെ | | | | | | | 6280/- |

നിയമാനുസൃതമുള്ള പിഴയായ പി.എ.സി തുകയുടെ 1% ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-22 എൻ.ആർ.എച്ച്.എം ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 52/21 |
| പ്രോജക്ട് | എൻ.ആർ.എച്ച്.എം ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | 150000(മെയിന്റനൻസ് ഫണ്ട് (റോഡിതരം)) |
| ചെലവ് | ബിൽ നമ്പർ 32/20-21/13.01.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഹോംകോ ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ 03.11.20 ലെ പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 150000 രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും 107865രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്.ആയതിനാൽ മരുന്നുകൾ ലഭിക്കുവാനുള്ള 42135 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-23 തെരുവ് നായ ജനന നിയന്ത്രണപരിപാടി- വിനിയോഗവിവരം ലഭിച്ചിട്ടില്ല**

പ്രോജക്ട് നം.102/21

തെരുവ് നായ ജനനനിയന്ത്രണ പരിപാടി

അടങ്കൽ- 210000 രൂപ (വികസന ഫണ്ട് ജനറൽ )

ചെലവ്- 210000 രൂപ ( ബിൽ നം. 12/20-21/ 26.6.2020 )

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 210000 രൂപ എ.ബി.സി. പ്രോജക്ട് ജില്ലാ മിഷൻ കോർഡിനേറ്ററുടെ യൂണിയൻ ബാങ്കിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗവിവരം ലഭിച്ചിട്ടില്ല. വിനിയോഗവിവരം ലഭിയ്ക്കുന്നത് വരെ 210000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-24 ഹരിത കർമ്മസേനയുടെ പ്രവർത്തനം-യൂസർഫീ കളക്ഷൻ കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതാണ്**

പഞ്ചായത്തിൽ നിലവിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നുണ്ടെന്ന് ഫയലുകളിൽ നിന്നും ബോധ്യപ്പെട്ടു. ഹരിത കർമ്മ സേനയുടെ പ്രവർത്തനഫലമായി മികച്ച രീതിയിൽ മാലിന്യ ശേഖരണം നടത്തി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ബോട്ടിൽ ബൂത്തുകൾ, മിനി എംസിഎഫുകൾ എന്നിവിടങ്ങളിലേക്ക് എത്തിക്കുകയും അവിടെ നിന്നും മെയിൻ എംസിഎഫിലേക്കെത്തിച്ച് അവിടെ നിന്നും ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020 ലെ സ.ഉ. ( സാധാ ) നം. 1496/2020 പ്രകാരം മാലിന്യസംസ്കരണത്തിനായി ഹരിതകർമ്മ സേനപ്രവർത്തിക്കുമ്പോൾ അനുവർത്തിക്കേണ്ട കാര്യങ്ങൾ

സംബന്ധിച്ച് പ്രവർത്തന മാർഗരേഖ നൽകിയിട്ടുണ്ട്. നിലവിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഏതാനും നിർദേശങ്ങൾ താഴെ കൊടുക്കുന്നു.

1. എംസിഎഫിൽ നിന്നും കൃത്യമായ ഇടവേളകളിൽ പാഴ്‌വസ്തുക്കൾ നിർമാർജ്ജനം ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനം ക്ലീൻ കേരള കമ്പനിയുമായോ മറ്റ് അനുയോജ്യമായ ഏജൻസികളുമായോ കരാറിലേർപ്പെടേണ്ടതും പാഴ് വസ്തുക്കളുടെ നീക്കം തടസ്സപ്പെടാതെ നോക്കേണ്ടതുമാണെന്ന് മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ ഇത്തരത്തിൽ കരാറിലേർപ്പെട്ടത് സംബന്ധിച്ച് വിശദാംശങ്ങൾ അന്വേഷണക്കുറിപ്പിലൂടെ (11/11.11.2021) ആവശ്യപ്പെട്ടതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 11.5.20 21 ലെ 6(2) നമ്പർ തീരുമാനപ്രകാരം കരാരിൽ ഏർപ്പെടുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. മാലിന്യനീക്കം കൃത്യമായ ഇടവേളകളിൽ ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും കരാരിലേർപ്പെടേണ്ടതുമാണ്.

2. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ തീരുമാനിക്കുന്ന യൂസർ ഫീസ് പിരിക്കുന്നതിന് തദ്ദശ ഭരണ സ്ഥാപനത്തിലെ കൺസോർഷ്യത്തിന്റെ മേൽനോട്ടത്തിൽ രസീത്ബുക്ക് പ്രിന്റ് ചെയ്ത് സീൽ ചെയ്ത് യൂസർഫീസ് രേഖപ്പെടുത്തി യൂസർ ഫീസ് പിരിക്കേണ്ടതാണെന്ന് മാർഗരേഖ വ്യക്തമാക്കുന്നു. നിലവിൽ യൂസർഫീസ് പിരിക്കുന്നതിനായി പ്രിന്റ് ചെയ്തിട്ടുള്ള രസീത്ബുക്കുകൾ നിർവഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്ത് വിതരണം നടത്തുന്നില്ല. രസീതുകൾ പരിശോധനയ്ക്കായി ആവശ്യപ്പെട്ട് എൻക്വയറി (നം.11) നൽകിയെങ്കിലും എല്ലാ രസീതു ബുക്കുകളും പരിശോധനയ്ക്ക് ലഭ്യമായില്ല. കൂടാതെ എത്ര രസീത് ബുക്കുകൾ ഇതിനായി പ്രിന്റ് ചെയ്തിരുന്നോ കളക്ഷന വേണ്ടി ഉപയോഗിച്ചിട്ടുണ്ടെന്നോ വിശദാംശങ്ങൾ ലഭ്യമായില്ല. യൂസർ ഫീ കളക്ഷന വേണ്ടി കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുകയും എല്ലാ കളക്ഷൻ തീയതികളിലും രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും ചെയ്യേണ്ടതാണെന്ന് മാർഗരേഖകളിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും കളക്ഷൻ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു. രസീതു ബുക്കുകൾ കൃത്യമായി നിർവഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്ത് വിതരണം നടത്തേണ്ടതും കളക്ഷന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

3. പ്ലാസ്റ്റിക് വിറ്റ വകയിൽ ലഭിച്ച തുക അക്കൗണ്ടിൽ അടവാക്കാതെ മറ്റാവശ്യങ്ങൾക്കായി എടുക്കുന്നതായി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ കാഷ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമായില്ല. വിവിധ മാർഗങ്ങളിലൂടെ ഹരിതകർമ്മസേനയ്ക്ക് ലഭിക്കുന്ന തുകകൾ കൃത്യമായി അക്കൗണ്ടിലെടുത്തതിന് ശേഷം മാത്രം അംഗങ്ങൾക്ക് വിഹിതം വിതരണം ചെയ്യുകയും സമിതിയുടെ മറ്റാവശ്യങ്ങൾക്കു വേണ്ടി ചെലവഴിക്കുകയും ചെയ്യേണ്ടതാണ്. ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

ഹരിതകർമ്മ സേനയുടെ പ്രാരംഭഘട്ടങ്ങളെ അപേക്ഷിച്ച് മാലിന്യ ശേഖരണത്തിലും യൂസർ ഫീ കളക്ഷനിലും ഹരിതകർമ്മ സേന മെച്ചപ്പെട്ട അവസ്ഥയിലാണുള്ളത്. തൊഴിൽ സംരംഭം എന്ന നിലയിലും സമിതിയുടെ പ്രവർത്തനം മികവു പുലർത്തുന്നു. മാലിന്യനിർമാർജനത്തിൽ വലിയൊരു പങ്ക് വഹിക്കാനാകുന്ന ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായും പൊതുജനങ്ങളുടെ സഹകരണവും ഉറപ്പാക്കിക്കൊണ്ട് നടപ്പാക്കാൻ നിർവഹണ ഉദ്യോഗസ്ഥനും തദ്ദേശഭരണ സ്ഥാപനവും ആവശ്യമായ നിർദേശങ്ങളും സഹായങ്ങളും നൽകേണ്ടതാണ്.

## 1-25 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

കോവിഡ് രോഗവ്യാപനം നിയന്ത്രിക്കുന്നതിനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി ഗവ. എൽപി സ്കൂൾ തലനാട്, ഗവ.ഹൈസ്കൂൾ അടുക്കം എന്നിവിടങ്ങളിലായി 2 കമ്മ്യൂണിറ്റി കിച്ചണുകൾ കുടുംബശ്രീയുടെ സഹകരണത്തോടെ പ്രവർത്തിച്ചു വന്നിരുന്നു. ഏപ്രിൽ 2020 മുതൽ ജൂൺ 2020 വരെയായി പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും കമ്മ്യൂണിറ്റി കിച്ചണുകളുടെ ചെലവുകളിലേക്കായി 82128 രൂപ ചെലവഴിച്ചിട്ടുണ്ട്. കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാപ്രവർത്തനങ്ങൾ എന്ന പ്രോജക്റ്റ് പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 232470 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

| ബിൽ നം/ തീയതി/തുക | ചെലവിനം | തുക |
|---|---|---|
| 25/20-21/30.10.20, 164600 | നോട്ടീസ് പ്രിന്റിംഗ് ചെലവുകൾ | 3600 |
| | ഭക്ഷണച്ചെലവ് | 2125 |
| | എം.ഒ. പിഎച്ച്സി-ചെലവുകൾ | 83625 |
| | പ്രതിരോധ പ്രവർത്തനങ്ങൾക്ക് സാധനങ്ങൾ വാങ്ങൽ | 75250 |
| 43/26.3.21/67870 | അതിഥി തൊഴിലാളികൾക്ക് ഭക്ഷണ സാധനങ്ങൾ വാങ്ങൽ | 46828 |
| | മാസ്ക് വിതരണം | 9269 |
| | എം.ഒ. പിഎച്ച്സി-ചെലവുകൾ | 11773 |

ഡൊമിസിലറി കെയർ സെന്റർ പ്രവർത്തനങ്ങൾക്കായി 100000 രൂപ അഡ്വാൻസ് ലഭി ച്ചെങ്കിലും പ്രവർത്തനം ആരംഭിച്ചില്ല. കോവിഡ് പ്രതിരോധത്തിന് സംഭാവനയായി 20-21 വർഷം 53925 പഞ്ചായത്തിലേക്ക് ലഭിച്ചു. കോവിഡ് മഹാമാരി സംബന്ധിച്ച ബോധവൽക്കരണം, മൈക്ക് അനൗൺസ് മെന്റ്, വിവിധ വാർഡുകളിൽ മാസ്ക് വിതരണം എന്നിവ പഞ്ചായത്തിൽ നടപ്പാക്കി.

**1-26 ലൈഫ് ഭവനപദ്ധതി- അവലോകനം**

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നത് ലക്ഷ്യം വെച്ചുള്ള പദ്ധതിയാണ് ലൈഫ് ഭവനപദ്ധതി. 2019-20, 2020-21 വർഷങ്ങളിലായി ലൈഫ് മിഷൻ-ജനറൽ വിഭാഗത്തിനായി 6275400 രൂപയും ലൈഫ് മിഷൻ-എസ് സി വിഭാഗത്തിനായി 1625000 രൂപയും ലൈഫ്-എസ് ടി വിഭാഗത്തിനായി 1250000 വിവിധ ഫണ്ടുകളിൽ നിന്നും ഹഡ്കോ ലോണുപയോഗിച്ചും ചെലവഴിച്ചിട്ടുണ്ട്. ലൈഫ് മിഷൻ ഫേസ് 2 (ഭൂമിയുള്ള ഭവനരഹിതർ) ൽ ജനറൽ, എസ് സി, എസ് ടി വിഭാഗങ്ങളിലായി യഥാക്രമം 25,5,2 വ്യക്തികൾ ഭവന നിർമാണം പൂർത്തിയാക്കി. ലൈഫ് ഫേസ് 3 യിൽ ജനറൽ വിഭാഗത്തിൽ 8 പേരിൽ 7 പേർ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എസ് സി വിഭാഗത്തിൽ 4 ഗുണഭോക്താക്കളിൽ 2 പേർ ഭവനനിർമ്മാണം പൂർത്തിയാക്കി. എസ് ടി വിഭാഗത്തിലെ ഒരു ഗുണഭോക്താവുണ്ടായിരുന്നത് ഭവനനിർമ്മാണം പൂർത്തിയാക്കി. പൂർത്തിയാക്കാത്തവരുടെ 3 ഗുണഭോക്താക്കളുടെ ഭവനനിർമാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരികയാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം].

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2020-21 | 28.07.2021 | 04.11.2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 05.10.2020 | 160000 | 76/20-21, ലൈഫ് മിഷൻ - ജനറൽ - ഭവന നിർമ്മാണം | 160000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 27.01.2021 | 40000 | 78/20-21, ലൈഫ് മിഷൻ - എസ് സി - ഭവന നിർമ്മാണം | 40000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 25.01.2021 | 100000 | 101/20-21, സാന്ത്വന പരിചരണ പദ്ധതി (ജനറൽ) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 07.01.2021 | 50000 | 106/20-21, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 19.03.2021 | 100000 | 181/20-21, സുഭിക്ഷ കേരളം സ്ഥിരം കൃഷിക്ക് കൂലിചെലവ് സബ്സിഡി | 100000 | 0 |
| **ആകെ** | | **450000** | | **450000** | **0** |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 02.11.2020 | 200000 | 76/20-21, ലൈഫ് മിഷൻ - ജനറൽ - ഭവന നിർമ്മാണം | 200000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 19.01.2021<br>06.03.2021 | 144300<br>38792 | 97/20-21, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് സ്കോളർഷിപ്പ് നൽകൽ | 183092 | 0 |
| | **ആകെ** | **383092** | | **383092** | **0** |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക മുൻകൂർ നൽകിയിട്ടില്ല.

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

**4-5 വായ്പ/വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 4250592 + 900000 = 5150592 | 3758827 | 900000 | 556235 | - | 4102592 |

**4-6 സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

**4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 40917648.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 37308975.00 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 601314 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 33388 | ശ്രീ.സജിത് മാത്യൂസ്, സെക്രട്ടറി |
| 1-19 | 315791 | ശ്രീ. ഐസക് ജോർജ് പി, ഹെഡ് മാസ്റ്റർ, ഗവ.എൽ പി എസ് തലനാട് |
| 1-22 | 42135 | ശ്രീ.ഷാജി കെ റ്റി, സെക്രട്ടറി |
| 1-23 | 210000 | ശ്രീ.സജിത് മാത്യൂസ്, സെക്രട്ടറി |
| ആകെ | 601314 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

ഇല്ല

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(1)/03.02.2018 | 4 |
| 1998-99(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി.2-229/16/30.3.16 | 1 |
| 1999-00(ചെലവ്) | എൽ.എഫ്.കെ.പി2- 314/16/31.3.2016 | 8 |
| 2000-01, 2001-02 (പ്ലാൻ) | എൽ.എഫ്.കെ.പി2-278/ അദാ.14(5)/26.11.2014 | 14 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി2- 232/16/1.4.2016 | 2 |
| 2002- | എൽ.എഫ്.കെ.പി2- 1300/11/26.3.12 | 4 |

| | | |
|---|---|---|
| 03(വരവ്) | | |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(3)/03.02.2018 | 6 |
| 2004-05 | എൽ.എഫ്.കെ.പി2- 439/15(3)/2.9.15 | 9 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(3)/03.02.2018 | 1 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(4)/03.02.2018 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(5)/03.02.2018 | 7 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(6)/03.02.2018 | 13 |
| 09-10, 10-11,11-12 | എൽ.എഫ്.കെ.പി2-439/15(7)/ 2.9.2015 | 10 |
| 2012-13, 2013-14 | എൽ.എഫ്.കെ.പി2- 1262/15/7.10.15 | 6 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.2- 1125/16/23.05.2017 | 13 |
| 2015-16 | കെ.എസ്.എ- കെ.ടി.എം.പി.2/949/2017/23.02.2018 | 7 |
| 2016-17 | നം.കെ.എസ്.എ- കെ.ടി.എം.പി14/1641/2017/24.03.2018 | 18 |
| 2017-18 | നം.കെ.എസ്.എ.- കെ.ടി.എം.പി.14/211/2020/16.06.2020 | 10 |
| 2018-19 | നം.കെ.എസ്.എ.- കെ.ടി.എം.പി.14/1959/2019/19.05.2020 | 13 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്